"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.മനോജ്.കെ.സി., കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്) ബഹു:ട്രൈബ്യൂണലിൻ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.865/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 30.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2626/2023/H&FWD തീയതി,തിരുവനന്തപുരം, 11-10-2023

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.

2. ഡോ.മനോജ്.കെ.സി., കൺസൽട്ടന്റ് സമർപ്പിച്ച 24.06.2023 തീയതിയായ അപ്പീൽ (Annexure A5)

3. OA(EKM) No.865/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 30.06.2023-ലെ ഉത്തരവ്

4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ കൺസൽട്ടന്റ് തസ്തികയിലെ മെഡിക്കൽ ഓഫീസർമാരുടെ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകിയ സ്ഥാപനങ്ങൾ പരിഗണിക്കാതെ ആലപ്പുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഓർത്തോപീഡിക് വിഭാഗം കൺസൽട്ടന്റ് ഡോ.മനോജ്.കെ.സി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) പ്രകാരം അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.865/2023 ഫയൽ ചെയ്യുകയും

491757

GOVERNMENT OF KERALA 2017-18

ഉണ്ടായി. 30.06.2023-ലെ ഉത്തരവ് പ്രകാരം അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുന്നതിനും പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകനെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3) കരുവേലിപ്പടി താലൂക്കാസ്ഥാന ആശുപത്രി, ആലുവ ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റത്തിനായി ടിയാൻ അപേക്ഷ നൽകിയിരുന്നതായും കരട് സ്ഥലംമാറ്റ പട്ടികയിൽ ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിയമനം നൽകിയതിനെതിരെ ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ ടിയാൻ അപ്പീൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ഒന്നാം ഓപ്റ്റഡ് സ്റ്റേഷനിൽ ഔട്ട് സ്റ്റേഷൻ സർവ്വീസ് കുറവായ 3-ാം എതിർകക്ഷിക്ക് നിയമനം നൽകുകയും, കരട് പട്ടികയിലെ സ്ഥലംമാറ്റം അന്തിമ ഉത്തരവിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. ആയതിനാൽ പരാമർശം (1) സ്ഥലംമാറ്റ ഉത്തരവ് പുനഃപരിശോധിച്ച് എറണാകുളം കരുവേലിപ്പടി താലൂക്കാസ്ഥാന ആശുപത്രിയിൽ നിയമനം അനുവദിക്കണം എന്നതാണ് ടിയാന്റെ അപേക്ഷയിലെ ആവശ്യം.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കരട് ലിസ്റ്റിനെതിരെയുള്ള അപേക്ഷകന്റെ അപ്പീൽ പരിഗണിക്കുന്നതിൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് തെറ്റുപറ്റിയെന്നും, ടിയാന്റെ ഓപ്റ്റഡ് സ്റ്റേഷനിൽ നിയമനം നൽകുവാൻ ടിയാന് അർഹതയുണ്ടെന്നും കമ്മിറ്റി കണ്ടെത്തി. ആയതിൻ പ്രകാരം അപേക്ഷകനെ കരുവേലിപ്പടി താലൂക്ക് ആസ്ഥാന

ആശുപത്രിയിൽ നിയമനം നൽകുന്നതിനും 3-ാംം എതിർകക്ഷി ഡോ.സുമ മേരി.ഡി.-യെ ആലപ്പുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുന്നതിനും കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ഓർത്തോപീഡിക് വിഭാഗം കൺസൾട്ടന്റുമാരായ ഡോ.മനോജ്.കെ.സി-യെ എറണാകുളം കരുവേലിപ്പടി താലൂക്കാസ്ഥാന ആശുപത്രിയിലേയ്ക്കും, ഡോ.സുമ മേരി.ഡി.-യെ ആലപ്പുഴ ജനറൽ ആശുപത്രിയിലേയ്ക്കും സ്ഥലംമാറ്റം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.865/2023-ന്മേലുള്ള 30.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ/എറണാകുളം.
ഡോ. മനോജ്. കെ.സി., കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്), നളന്ദ, വാഴക്കാല, കാക്കനാട്, എറണാകുളം - 682 030.
ഡോ. സുമ മേരി. ഡി., കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്), ജനറൽ ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം - 686 661.
ഡോ. ബിജി. കെ.പി., കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്), മഹാരാജാസ് താലൂക്കാസ്ഥാന ആശുപത്രി, കരുവേലിപ്പടി, എറണാകുളം - 682 005.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 11-10-2023 14:12:26

മേലെഴുത്ത് നം. ഇ.എ1-5159/2023/ആ.വ.ഡ
തീയതി 11.10.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി

49.757

GOVERNMENT OF KERALA 2017-18